# ആപത്തിൽ രക്ഷിച്ചവർ




ഒരു കാടിന്റെ നടുവിലൂടെ ശാന്തമായി ഒഴുകി പോകുന്ന ഒരു നദിയുണ്ടായിരുന്നു. ധാരാളം പക്ഷികളും കാട്ടു മൃഗങ്ങളും അവിടെ വസിച്ചിരുന്നു. സ്നേഹ സമ്പന്നരും പരസ്പരം സഹായിക്കുന്നവരുമായിരുന്നു അവർ. ഒരു ദിവസം പുഴയിലേക്ക് ചാഞ്ഞു കിടക്കുന്ന മരക്കൊമ്പിൽ നിന്നും ഒരു കട്ടുറുമ്പ് പുഴയിലേക്ക് വീണു. മരക്കൊമ്പിലിരിക്കുന്ന കിളി ഇതു കണ്ടു. കിളി ഒരു ഇല പറിച്ച് ഉറുമ്പിന്റെ അരികിലേക്ക് ഇട്ടു കൊടുത്തു. വെള്ളത്തിൽ മുങ്ങിയും പൊങ്ങിയും ഒലിച്ചു പോകുന്ന ഉറുമ്പിന് ഇത് വലിയ ആശ്വാസമായി. ഉറുമ്പ് ഇലയിൽ കയറി കര പറ്റി. കിളിയെ നന്ദിയോടെ സ്മരിച്ചു. മറ്റൊരു ദിവസം ഉറുമ്പ് കിളിയുടെ അരികിലേക്ക് വരികയായികരുന്നു. അപ്പോൾ കിളിയെ വെടി വെക്കാൻ ഒരുങ്ങുന്ന ഒരു നായാട്ടുകാരനെ കണ്ടു. കട്ടുറുമ്പ് നായാട്ടുകാരന്റെ കാലിൽ ഒരു കടികടിച്ചു. അയാളുടെ ഉന്നം തെറ്റി. ശബ്ദം കേട്ട് കിളി പറന്നു പോയി. തന്റെ ജീവൻ രക്ഷിച്ച കിളിയെ രക്ഷിക്കാനായതിൽ കട്ടുറുമ്പിന് വളരെയധികം സന്തോഷം തോന്നി.





| ക്ലാസ് : 3 | യൂണിറ്റ് 2 – മാനത്തിന്റെ മടിത്തട്ടിൽ | മൊഡ്യൂൾ 2. കുട്ടികളും പക്ഷികളും |
|---|---|---|

**കട്ടുറുമ്പിനു സന്തോഷം**



നേരം സന്ധ്യ മയങ്ങുമ്പോൾ
ഇരകിട്ടാതെ വലഞ്ഞീടും
വേടൻ കണ്ടു കിളിയൊന്ന്
പുഴയോരത്തെ മരത്തിന്മേൽ
പമ്മിപ്പമ്മിയിരിക്കുന്നു




തോക്കാൽ ലാക്കുകുറിക്കുന്നു
കാഞ്ചിവലിക്കും നേരത്ത്
കട്ടുറുമ്പുകടിക്കുന്നു
ഉന്നം തെറ്റിപ്പോകുന്നു
കിളിയും പാറിപ്പോകുന്നു
തന്നെ രക്ഷിച്ചൊരു കിളിയെ
തന്നാൽ രക്ഷിക്കാനായി
കിളിയിതറിഞ്ഞില്ലെന്നാലും
കട്ടുറുമ്പിനു സന്തോഷം.

| ക്ലാസ് : 3 | യൂണിറ്റ് 2 – മാനത്തിന്റെ മടിത്തട്ടിൽ | മൊഡ്യൂൾ 2. കുട്ടികളും പക്ഷികളും |
|---|---|---|

**കുട്ടികളും പക്ഷികളും എന്ന കവിതയുടെ ആദ്യഭാഗം**

**അപ്പു:**
കാക്ക കരഞ്ഞു പുളിമരത്തിൽ,
ഏല്ക്കുക നേരം പുലർന്നുവല്ലോ
ഉണ്ണീ, വെളിച്ചം പരക്കുന്നതും കണ്ടു
തിണ്ണയിൽ ചെന്നു നമു  ക്കിരിക്കാം



**ഉണ്ണി:**
കാക്കയുണ്ടാ മരക്കൊമ്പിലേട്ടാ
കരയുന്ന കൂരിരുൾക്കട്ടപോലെ
ഉൾ പ്രിയമില്ലെനിക്കൽപ്പവും കാകനിൽ
പപ്പടം റാഞ്ചുന്ന കള്ളനല്ലേ ?

**അപ്പു**
ഇത്തിരി കട്ടാലുമെന്തു കാലേ
നിത്യവും നമ്മെയുണർത്തുമല്ലോ
ചത്തതും ചീത്തതും കൊത്തിയെടുത്തവൻ
വൃത്തിയാക്കീടുമേ ചുറ്റുപാടും
ഇങ്ങാകെ നോക്കിലും കാണില്ലിതുപോലെ
ചങ്ങാതിക്കൂറുള്ള പക്ഷി വേറെ

**ഉണ്ണി**
ഇക്കഥ കേട്ടെനിക്കിഷ്ടമായി,
കാക്കയെ ഞാനിനി കല്ലെറിയാ
ചൂളം വിളിക്കുന്നു, പൂ പോലെ താഴോട്ടു
പാളുന്നു മറ്റൊരു പക്ഷിയേട്ടാ,
നന്നായിയിരുപുറം വെള്ള രേഖ

**അപ്പു**
വണ്ണാത്തിപ്പക്ഷിയാണാ മിടുക്കി
പൂച്ചിപ്പുഴുക്കളെ സാപ്പിടുമിക്കിളി
പൂ ച്ചെടിത്തോപ്പുകൾക്കുറ്റ തോഴി

**ഉണ്ണി**
പൂത്തോരു തെച്ചിമേൽ കൊക്കു നീണ്ടു
കൂർത്തോരു പൂങ്കിളി കൂത്തടിപ്പൂ.,
കൊക്കിൻ പിറകിലാക്കുഞ്ഞിച്ചിറകുകൾ
ചക്രങ്ങൾ പോലെ കറങ്ങി നിൽപൂ!



**അപ്പു**
പൂങ്കുലത്തേനുണ്ടു പൂഞ്ചിറകിൽ
തേങ്ങിടുമക്കിളി തേൻ കുരുവി
പൂമ്പൊടി ചെമ്മേ പകർത്തി വിത്തിൻ
മേന്മ വരുത്തിത്തുണപ്പൂ നമ്മെ.
തെല്ലുപകരമായീ നമ്മൾക്കു ചെയ്യാതെ
യില്ലഴകൊന്നുമീ മന്നിടത്തിൽ

**ചൊല്ലിരസിക്കാം**

കിളി:

നിന്നൊടു കുഞ്ഞേ,
ഞാൻ മിണ്ടില്ലാ,
നീ നീട്ടും കതിർ കൊത്തില്ലാ


പച്ചച്ചില്ലകൾതോറും പാറി
പ്പാറി പ്പറവകൾ പാടുമ്പോൾ
കുളിരൊഴുകുന്ന കിഴക്കൻകാറ്റിൽ
കുത്തിമറിഞ്ഞു കളിക്കുമ്പോൾ
കൂട്ടിലിരുത്തി സ്സൽക്കാരം!
കുഞ്ഞേ, വലിയൊരു ധിക്കാരം!
കൂറുണ്ടെങ്കിൽ വരൂ !
കൂടുതുറന്നു തരൂ !

കുട്ടി:

കൂട്ടിലിരുന്നു മുഷിഞ്ഞോ?
കുട്ടികളോടുമിടഞ്ഞോ
പാവം ! പുറമേ പോയാൽ നിന്നെ
പ്പാണ്ടൻ പൂച്ച പിടിക്കില്ലേ ?
പൊന്നിൻ തൂളികൾ
തൂകിയപോലേ
മിന്നും പച്ച ച്ചിറകുകളാലെ
കൂടിന്നഴികളിലിങ്ങനെയിട്ടടി
കൂട്ടുകിലയ്യോ ! നോവില്ലേ?

കിളി

കൂറുണ്ടെങ്കിൽ വരൂ
കൂടു തുറന്നു തരൂ!
ആപത്തില്ലാതാക്കാൻ കൂട്ടി
ന്നകത്തിടുന്നതു നന്നെന്നോ!
കൂട്ടിനകത്തു കുടുങ്ങുന്നതിലും
കൂറ്റനൊരാപത്തുണ്ടെന്നോ!
പാണ്ടൻ പാണ്ടൻ പൂച്ച പിടിച്ചോട്ടെ
പരുന്ത് കൊത്തി കൊന്നോട്ടേ
സ്വാതന്ത്ര്യത്തിലെയാപത്തിൻ
സ്വാദറിയാനാണെൻ ദാഹം!
പറന്നു ചുറ്റണമാകാശത്തിൽ
പ്പാടിക്കൊണ്ടെന്നെൻ മോഹം!
കൂറുണ്ടോ കനിവുണ്ടോ?
കൂടുതുറന്നു തരൂ കുഞ്ഞേ
കൂടുതുറന്നു തരൂ



## ചെമ്പോത്ത് (ഉപ്പൻ)



കുയിൽ വർഗ്ഗത്തിൽ പെട്ട ഒരു പക്ഷിയാണ് ചെമ്പോത്ത്. തെക്കൻ കേരളത്തിൽ ഉപ്പൻ എന്ന പേരിലാണ് ചെമ്പോത്ത് അറിയപ്പെടുന്നത്. കാക്കയേക്കാൾ അൽപം വലിപ്പമുള്ള ഒരു പക്ഷിയാണിത്. ചുവന്ന കണ്ണു കൾ, തവിട്ട് നിറത്തിലുള്ള ചിറകു കൾ, കറുത്ത വാലും ശരീരവുമാണ് ഇവയ്ക്കുള്ളത്. ഉപ്... ഉപ്... ഉപ്... എന്ന ശബ്ദമുണ്ടാക്കും. നമ്മുടെ നാട്ടിൽ ധാരാള മായി കാണാം. പ്രാണികളേയും ചെറു ജീവികളേയും ഭക്ഷിക്കുന്നു. ഓന്ത്, അരണ, പല്ലി, പുഴുക്കൾ എന്നിവയാണ് മുഖ്യ ആഹാരം. പാമ്പുകളേയും പക്ഷിക്കുഞ്ഞുങ്ങളേയും ഇവ ഭക്ഷിക്കും. തുന്നാരൻ പക്ഷി, സൂചിമുഖി, ബുൾബുൾ പക്ഷി എന്നിവയുടെ കൂട് തകർത്ത് കുഞ്ഞുങ്ങളെ ഭക്ഷിക്കാൻ ചെമ്പോത്തിന് പ്രത്യേക സാമർത്ഥ്യമാണ്. ആൺപക്ഷിയും പെൺപക്ഷിയും തമ്മിൽ കാഴ്ചയിൽ ഒരുപോലെയിരിക്കും.